# ALL ACCOUNTING AND TAX SERVICES

## S. Ananthanarayanan & Co. Ltd.

**CERTIFIED GENERAL ACCOUNTANT**

- Compilations & Reviews
- Payroll and Government Filings
- Personal & Corporate Taxes
- Real Estate and Lawyers Trust Audits
- Business Consulting Services
- Bookkeeping & other Accounting Services
- Small Business Owners, Professionals
- Realtors & Truckers Welcome

**REASONABLE RATES, DISCOUNTS FOR SENIORS AND IN-HOUSE SERVICE AVAILABLE**

Contact:

**Kumar Anant, CGA**

**604-782-7449**

12712-115 B Ave Surrey
kumarcga@telus.net

CGA

# ബ്ലോഗുകൾ ബ്ലോഗുകൾ ബ്ലോഗുകൾ ബ്ലോഗുകൾ

ബ്ലോഗുകൾ ഇന്ന് സാമൂഹിക, സാംസ്കാരിക, സാഹിത്യ, രാഷ്ട്രീയ രംഗങ്ങളിലെയെല്ലാം അവഗണിക്കാനാവാത്ത സാന്നിധ്യമാണ്. എന്നാൽ, മലയാളം ബ്ലോഗുകളുടെ സാമൂഹിക പ്രസക്തിയും വിശാലതയും അത്രകണ്ട് ചർച്ച ചെയ്യപ്പെട്ടിട്ടില്ല

പത്രസ്ഥാപനങ്ങളുടെയോ പ്രസാധകരുടേയോ അനുമതിക്കോ ഔദാര്യത്തിനോ കാത്തുനിൽക്കാതെ സ്വന്തം രചനകൾ, അതു കഥയോ കവിതയോ യാത്രാവിവരണമോ നോവലോ ചിത്രമോ കാർട്ടൂണോ എന്തുതന്നെയാവട്ടെ, ലോകത്തിനു മുന്നിൽ അവതരിപ്പിക്കാൻ വലിയ ചെലവൊന്നുമില്ലാത്ത ഏറ്റവും നല്ല ഉപാധിയാണ് ഇന്ന് ബ്ലോഗുകൾ. പണ്ടൊക്കെ നാട്ടിൻപുറത്തെ ആൽത്തറകളിലും വായന ശാലകളിലെ സൗഹൃദ് സദസുകളിലും അന്തിയാകുമ്പോൾ സമാനമനസുകളുടെ സമ്മേളനങ്ങൾ നിത്യസംഭവമായിരുന്നു. ഇന്നവയുടെ സാധ്യതകൾ കുറഞ്ഞു. ലോകം മാറിയിരിക്കുന്നു. ചർച്ചകൾക്കും സമ്മേളനങ്ങൾക്കും പുതിയ വാതായനങ്ങൾ തേടിഅലയുന്ന മനുഷ്യന്റെ മുന്നിൽ ആധുനിക സാങ്കേതിക വിദ്യ പകർന്നു നൽകിയ വരദാനമാണു ബ്ലോഗുകൾ. ഒരു കംപ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനും ഉണ്ടെങ്കിൽ ആർക്കും ഒരു ബ്ലോഗ് തുടങ്ങാം. 1997-ൽ ജോറൻ ബർജർ എന്ന അമേരിക്കക്കാരനാണ് ബ്ലോഗ് എന്ന ചിന്ത ആദ്യമായി ലോകത്തിനുമുന്നിൽ അവതരിപ്പിച്ചത്. വെബ് ലോഗ് (web log) എന്നായിരുന്നു ബ്ലോഗ് ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത്.

മലയാളികളുടെ ബ്ലോഗ് ചരിത്രം പ്രവാസി മലയാളികളുടെ ഗൃഹാതുര സ്മരണകളുമായും വ്യക്തിപരമായ വിഷാദങ്ങളുമായും ബന്ധപ്പെട്ടു കിടക്കുന്നു. മലയാളം ബ്ലോഗർമാർ കൈയാളുന്ന സൈബർ സ്പെയ്സിന് 'ബൂലോകം' എന്നു പേരും വന്നിരിക്കുന്നു. ഗൂഗിളിന്റെ പ്ലാറ്റ്ഫോമായ ബ്ലോഗർ ഡോട്ട് കോമിലോ വേഡ്പ്രസിലോ സൗജന്യമായി ആർക്കും ഒരു ബ്ലോഗ് തുടങ്ങാം. മലയാളത്തിൽ ബ്ലോഗ് തുടങ്ങുന്നവർക്ക് സുഹൃത്തും വഴികാട്ടിയുമാണ് അപ്പു എന്ന ബ്ലോഗറുടെ 'ആദ്യാക്ഷരി' എന്ന ബ്ലോഗും മല്ലൂക്കാരന്റെ 'ഇന്ദ്രധനുസ്' എന്ന ബ്ലോഗും. എങ്ങനെയാണു ഒരു ബ്ലോഗ് തുടങ്ങുന്നത്, എങ്ങനെയാണു മലയാളത്തിൽ ടൈപ്പ് ചെയ്യേണ്ടത്, ചിത്രങ്ങൾ അപ് ലോഡ് ചെയ്യുന്നതെങ്ങനെ തുടങ്ങി എല്ലാവിധ സംശയങ്ങൾക്കും ഈ ബ്ലോഗുകൾ ഉത്തരം നൽകും. ഇന്നു പതിനായിരക്കണക്കിനു മലയാളി ബ്ലോഗർമാരാണ് കേരളത്തിനകത്തും പുറത്തുമായുള്ളത്. ഇവരുടെ വലിയ കൂട്ടായ്മയാണു ബൂലോകം. സ്വന്തം എഴുത്തിലും മറ്റുള്ളവരുടെ സൃഷ്ടികളുടെ വായനയിലും ഒതുങ്ങുന്നതല്ല ഇന്ന് ബ്ലോഗർമാരുടെ ലോകം. രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ പരസ്പരചർച്ചകളിലൂടെ പൊതുസമൂഹത്തിൽ ഫലപ്രദവും ആരോഗ്യകരവുമായ ഇടപെടലുകൾ ഇക്കൂട്ടർ നടത്തുന്നു. സാമൂഹികപ്രവർത്തനങ്ങളും ജീവകാരുണ്യപ്രസ്ഥാനങ്ങളും ഇന്ന് ബ്ലോഗർമാരുടെ കൂട്ടായ്മയിലൂടെ സംഭവിക്കുന്നുണ്ട്. സമൂഹത്തിൽ ബ്ലോഗർമാരുടെ ഇടപെടലുകൾ ഇന്ന് അവഗണിക്കാനാവാത്തവിധം വളർന്നു കഴി ഞ്ഞു. ബൂലോകത്തിലെ സഹായമനസ്കരായ ചിലർ ചേർന്ന് 'ബൂലോക കാരുണ്യം' എന്ന പേരിൽ നടത്തുന്ന വലിയൊരു കൂട്ടായ്മയുണ്ട്. ഇതിലൂടെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നിർവഹിക്കുന്നു. സാമൂഹിക പ്രശ്നങ്ങളിൽ ബ്ലോഗർമാർ ചർച്ചകളിലൂടെ സജീവമായി ഇടപെടുന്നുണ്ട്. ഇതിന്റെ നല്ല ഉദാഹരണമാണ് 'റീ ബിൽഡ് ഡാം' എന്ന ബ്ലോഗിലൂടെ നടക്കുന്ന ഉജ്ജ്വല ചർച്ചകളും നിർദേശങ്ങളും.

നിത്യജീവിതത്തിലെ സംഭവങ്ങളും അനുഭവങ്ങളും കണ്ടുമുട്ടലുകളും മറ്റും അവതരിപ്പിക്കുന്ന ബ്ലോഗുകൾക്ക് എന്നും വായനക്കാർ ഏറെയാണ്. അവയൊക്കെ നർമത്തിൽചാലിച്ച് അവതരിപ്പിക്കുമ്പോൾ ഓരോ നാടിന്റെയും സംസ്കാരവും ചിന്തകളുമാണ് പ്രതിഫലിക്കുന്നത്. പ്രതികരണങ്ങളും നിരവധിയായി രിക്കും. വിശാലമനസ്കൻ എന്ന ബ്ലോഗർ 'കൊടകരപുരാണ'ത്തിലൂടെയാണ് ഈ ചിന്തയ്ക്ക് വലിയൊരളവ് ഊർജമേകിയത്. പിന്നീട് അതൊരു തരംഗമായി. അരവിന്ദന്റെ 'മൊത്തം ചില്ലറ,' മനുവിന്റെ 'ബ്രിജ്‌വിഹാരം,' പോഴക്കോടന്റെ 'പോഴത്തരങ്ങൾ,' അരുണിന്റെ 'കായംകുളം സൂപ്പർ ഫാസ്റ്റ്,' പൊങ്ങുംമൂടന്റെ 'തറ,' ശ്രീയുടെ 'നീർമിഴിപ്പൂക്കൾ' എന്നിവയെല്ലാം സ്വന്തം ഗ്രാമത്തിന്റെയും അവിടത്തെ വ്യക്തികളുടെയും ജീവിതവും വിഹ്വലതകളും തമാശരൂപേണ അവതരിപ്പിക്കുന്ന ബ്ലോഗു കളാണ്. മലയാളത്തിൽ രചിക്കപ്പെട്ട എല്ലാ ബ്ലോഗുകളും അഗ്രഗേറ്ററുകൾ എന്നു പറയപ്പെടുന്ന ബ്ലോഗുകളിൽ ലിസ്റ്റ് ചെയ്യപ്പെടുന്നുണ്ട്. അത്തരം അഗ്രഗേറ്ററുകളാണ് ചിന്ത, തനിമലയാളം, ജാലകം തുടങ്ങിയവ. ഇവയിൽ കയറിയാൽ കേരളത്തിലെ പ്രധാന ബ്ലോഗർമാരുടെ ബ്ലോഗുകളിലേക്കു നേരിട്ടുകടക്കാം.

മലയാള സിനിമയിലെ സൂപ്പർ താരങ്ങളായ മോഹൻലാലും മമ്മൂട്ടിയുമൊക്കെ ഇന്ന് ബ്ലോഗിംഗ് രംഗത്ത് വലിയ സാന്നി ധ്യമാണ്. മോഹൻലാൽ സ്വന്തം കൈപ്പടയിൽ എഴുതുന്ന ബ്ലോഗിന് വലിയ വായനാ സമൂഹമുണ്ട്. അതുപോലെ മമ്മൂട്ടിയുടെ ബ്ലോഗിനും.

കോളജ് കാമ്പസിനെ വളരെയധികം സ്വാധീനിച്ച ബാലചന്ദ്രൻ ചുള്ളിക്കാടിനെപ്പോലുള്ള എഴുത്തുകാരും ബ്ലോഗിംഗിൽ സജീവമാണ്. ഈ കൂട്ടായ്മയുടെ നൂലിഴകൾക്ക് കരുത്തേകിക്കൊണ്ട് ഇനിയും നിരവധിപേർ ഇവിടെ കണ്ണികളാകും. അങ്ങനെ ബൂലോകം വളർന്ന് രാജ്യത്തിന്റെ സാംസ്കാരിക കൂട്ടായ്മയുടെ വലിയൊരു വേദിയായി മാറിയെന്നുവരാം.

- From Deepika

With best compliments from:



British Columbia: Best Place on earth

# Kerala Christian Fellowship

You are cordially invited to our weekly gatherings for prayer and fellowship



Kerala: God's own country

Service:

Saturday, 7:30pm
9300 Westminster Hwy
Richmond

Sunday, 1:00pm
16870 80th Avenue
Surrey

Contact:

Dr. Mathew P. Koshy (604) 271- 8418
Joseph Samuel (604) 271- 4273
Ronnie Kurian (604) 765- 9394

www.keralachristianfellowship.com

# കേരളത്തിലെ പുരാതന യാത്രാസൗകര്യങ്ങൾ.

Sri. N.M. Mathew, Vancouver

കേരളത്തിൽ വണ്ടികളും, റോഡും, ഒന്നു മില്ലാതിരുന്ന പുരാതന കാലത്ത്, ജനങ്ങൾ ഇടവഴികളിൽകൂടിയും, കണ്ടത്തിൻെറ വരമ്പത്തു കൂടിയും, പാറപ്പുറത്തു കയറിയിറങ്ങിയും നടക്കു കയോ അല്ലെങ്കിൽ അടുത്ത ആററു കടവിൽ ചെന്ന് വള്ളത്തിൽ പോകുകയോ ചെയ്തിരുന്നു. നദികൾ ധാരാളം ഉള്ള കേരളത്തിൽ അന്നത്തെ പ്രധാന യാത്രാമാർഗ്ഗം വള്ളം ആയിരുന്നതിനാൽ ആളുകൾ നദീതീര ങ്ങളിൽ താമസിച്ചു വന്നു.

കാളവണ്ടിപോലും പതിനെട്ടാം നൂററാണ്ടു വരെ ഉണ്ടായിരുന്നില്ല എന്നാണ് 1800 ഡിസംബറിൽ കേരളം സന്ദർശിച്ച ഡോ. ഫ്രാൻസിസ് ബുക്കാനൻ രേഖപ്പെടുത്തിയിരിക്കുന്നത്.

1837ൽ കൊച്ചിയിൽ നിന്നും പോയവർ വള്ള ത്തിലും കാളവണ്ടിയിലും നടന്നും ഏതാണ്ട് ഒന്നരമാസത്തെ യാത്രക്കു ശേഷമത്രെ മദ്രാ സിൽ എത്തിയിരുന്നത്. ഇന്ന് ട്രെയിനിൽ പന്ത്രണ്ടു മണിക്കൂറും വിമാനത്തിൽ ഒരു മണിക്കൂറും യാത്ര ചെയ്താൽ മദ്രാസിൽ എത്താം. 1856 ജൂലൈ ഒന്നിനാണ് മദ്രാസിൽ ആദ്യത്തെ ട്രയിൻ ഓടിയത്.

അക്കാലങ്ങളിൽ വിവാഹത്തിന് വധൂവരന്മാർ ശുഭ്ര വസ്ത്ര ധാരികളായി മാതാപിതാ ക്കളോടും ഉററ സ്നേഹിതരോടും കൂടെ ആനപ്പുറത്തോ, വള്ളത്തി ലോ, നടന്നോ, കാളവണ്ടിയിലോ, ദേവാലയ ത്തിക്കേു വന്നിരുന്നു. ഇരുപതാം നൂററാണ്ടിൻെറ ആദ്യ ശതകങ്ങളിൽ 'വില്ലുവണ്ടി' (യാത്രക്കായി ഉദ്ദേശിച്ചുള്ള കാള വണ്ടി) പ്രതാപത്തിൻെറ ഒരു പ്രതീക മായിരുന്നു. അതിനാൽ വിവാഹം കഴിഞ്ഞ് വധൂവരന്മാർ വില്ലുവണ്ടിയിൽ പോയി തുടങ്ങി. രാത്രിയിൽ വില്ലുവണ്ടിയുടെ മുമ്പിൽ കെട്ടി യിട്ടിരുന്ന റാന്തൽ (lantern) വിളക്കിൻെറ പ്രകാശവും, കാളകളുടെ കഴുത്തിൽ കെട്ടിയി രുന്ന മണികളുടെ കിലുക്കവും ഏതോ മാന്യ വ്യക്തിയുടെ വരവ് വിളിച്ചറിയിച്ചിരുന്നു.

*തിരുവിതാംകൂറിലെ ആദ്യത്തെ വ്യോമ സഞ്ചാരം:* തിരുവിതാംകൂറിൽ ആദ്യമായി ആകാശഗമന വിദ്യ (വ്യോമസഞ്ചാരം) നടന്ന തിനെ സംബന്ധിച്ചുള്ള വിവരങ്ങൾ 1852-ൽ (1028 കന്നി) എഴുതിയ ഓലയിൽ കാണുന്നത് താഴെ പറയുന്ന പ്രകാര മാണ്.

"ശീമയിൽ നിന്നും കൈട്ടു എന്ന പേരായ ഒരു സായ്പ്പ് തിരുവനന്തപുരത്തു വന്നു. ഉത്രം തിരുന്നാൾ ശ്രീ വീരമാർത്താണ്ഡവർമ്മ തിരുവടിയെ മുഖം കാട്ടി. താൻ പഠിച്ചിട്ടുള്ള ആകാശഗമനവിദ്യ കല്പിച്ചു കാണണമെന്നു അറിയിക്കയാൽ തിരുമനസ്സുകൊണ്ടു ദിവാൻ കൃഷ്ണരായരോടും ആലോചിച്ചു യന്ത്രമു ണ്ടാക്കുന്ന വകയ്ക്കായി സായ്പ്പിൻെറ നിർ ദ്ദേശപ്രകാരം തെക്കെത്തെരുവിൽ ഒരു പുരയും വേണ്ടുന്ന സാമാനങ്ങളും കൊടുക്കുകയും ചെയ്തു. പൂർത്തിയാക്കി ടി മാസം ൯-ാം തീയതി വ്യാഴാഴ്ചയും ഉത്തിരാടവുമായ ദിവസം പകൽ രണ്ടു മണിക്കു കൈട്ടു സായ് പ്പു പുകയന്ത്രത്തിൽ കയറി അത്യൽഭുതകരമായിരിക്കുന്ന ആകാശ ഗമനം ചെയ്തു. അന്നേരം തെക്കെത്തെരുവിൽ മാളികയുടെ താഴെ മുററത്തു തിരുമനസ്സുകൊണ്ടും ദിവാനും ഉദ്യോഗസ്ഥന്മാരും ഈശ്വരപിള്ള വിചാരി പ്പുകാർ മുതലായ സേവകന്മാരും തിരുവനന്ത പുരത്തു പാർക്കുന്ന ധ്വരമാരും ഏറിയ ജനങ്ങ ളും സന്നിഹിതരായിരുന്നു. 10 മണിക്ക് സായ്പ്പ് സുഖമായി നെയ്യാററൻകര ഇറങ്ങി. 12 മണിക്കു കോട്ടയ്ക്കകത്തു കോവിലകത്തു വന്നു മുഖം കാണിച്ചു. അയാളുടെ വിദ്യക്കും തിരുമന സ്സിലെ സന്തോഷത്തിനും സദൃശമായിട്ടുള്ള ബഹുമാന ത്തോടുകൂടി സായ്പ്പിനെ അയച്ചു. ഇതു അമാനുഷിക കർമ്മമെന്നു എല്ലാപേർക്കും തോന്നി.

1930-40 കാലഘട്ടത്തിൽ കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ എല്ലാം റിക്ഷാ വണ്ടിയും ബസ്സുകളും ഓടുവാൻ ആരംഭിച്ചു. മനുഷ്യനെ ഇരുത്തിക്കൊണ്ട്, മനുഷ്യൻ വലിച്ചിരുന്ന റിക്ഷാ വണ്ടി പില്ക്കാലത്ത് സൈക്കിളുമായി ഘടിപ്പിച്ച് സൈക്കിൾ റിക്ഷായായി. 1950-നുശേഷം റിക്ഷായോട് മോട്ടോർ ഘടിപ്പിച്ച് കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തി ഇന്നത്തെ ഓട്ടോറിക്ഷായായി.

1930കളിൽ ബസ്സുകൾ നിരത്തിലിറങ്ങി. മുൻനിര യിൽ ഡ്രൈവറെ കൂടാതെ രണ്ടു യാത്രക്കാർ. അതിൻെറ പിന്നിൽ സ്ത്രീകൾക്കുള്ള സീററുകൾ. ഏററവും പുറകിൽ ഒരു നാലുകെട്ടിനകത്ത് ഇരിപ്പിടങ്ങൾ. പുരുഷന്മാർ കുടുതൽ പേരും രണ്ടു വശങ്ങളിലുള്ള കമ്പികളിൽ പിടിച്ച് നിൽക്കും. മൂന്നു വശങ്ങളിലും പടുത (Tarpaulin) കെട്ടി യിരുന്നതിനാൽ ഇത്തരം ബസ്സുകളെ പടുതാ വണ്ടികളെന്നു വിളിച്ചിരുന്നു.

1942-ൽ തിരുവിതാംകൂറിൽ സ്റേററ് ട്രാൻസ് പോർട്ട് ബസ്സുകൾ ഓടുവാൻ തുടങ്ങി. അന്നത്തെ ബസ്സിൻെറ ആകൃതിയും ഇരിപ്പിടങ്ങളും മററും ഇന്നു കാണുന്ന ബസ്സുകൾ പോലെ തന്നെയായിരുന്നു അതിൽ പിന്നീട് കാര്യമായ വ്യത്യാസങ്ങൾ വന്നിട്ടില്ല.

# ഇസ്പേഡ് ആസ് പെരിശ്

**സുധീർ തലോർ**

അലുമിനിയം കലത്തിനകത്തുവച്ചു കതിനാവെടി വെച്ചപോലെയുള്ള പൊട്ടിത്തെറിയോടെ കേട്ട ആ അലർച്ചയുടെ കഥ കേൾക്കും മുമ്പ് തൊണ്ണൂറ്റിപത്തു നമ്പൂതിരിയെ പരിചയപ്പെടാം. പാരമ്പര്യത്തിന്റെ മാമൂലുകൾ പൊട്ടിച്ചെറിഞ്ഞില്ലെങ്കിലും, വല്ലപ്പോഴുമുള്ള ഭഗവതീസേവ, ഗണപതിഹോമം, മുട്ടുശാന്തി എന്നീ അത്യാവശ്യ സന്ദർഭങ്ങൾ ഒഴിച്ച് ബാക്കി സമയം പൂണുനൂൽ അരയിൽ ചുറ്റി വയ്ക്കുന്ന വിപ്ലവകാരി. മാങ്ങാപറിക്കൽ, ചക്കയിടീൽ,ആനപ്പുറം, ഓടുമാറ്റൽ,കിണറ്റിലിറങ്ങൽ,പാമ്പുപിടുത്തം എന്നീ സ്കിൽഡ് വർക്ക് കാറ്റെഗറികളിൽ സ്പെഷലയ്സ് ചെയ്യുന്ന വിദഗ്ധൻ. കളത്തിൽ തേങ്ങ എണ്ണുമ്പോൾ തൊണ്ണൂറ്റിയേട്ടെ, തൊണ്ണൂറ്റിഒൻപതേ, തൊണ്ണൂറ്റിപ്പത്തേ എന്നെണ്ണി ചരിത്രം സൃഷ്ടിച്ച വ്യക്തി. സർവോപരി ഗുലാൻ പെരിശു കളിയിലെ ആസ്ഥാന നിപുണൻ.

കുലത്തൊഴിൽ സൈഡ് ബിസിനെസ്സാക്കിയുള്ള തൊണ്ണൂറ്റിപ്പത്തിന്റെ പോക്കിൽ അച്ഛൻ നമ്പൂതിരിക്കു മനസ്താപം ഉണ്ടെങ്കിലും ദി കിംഗ് സിനിമയിലെ 'മ്യുടിനെസ്സ് ഹാലൂസിനെഷൻസ് ഓഫ് ആൻ അഡോളസൻറ്റ് അബ്സോൾവ്ഡ്' എന്ന മമ്മൂട്ടി വാക്യം, മീശ മുളക്കാത്തവന്റെ വിപ്ലവ വീര്യത്തിനു നിരുപാധികം മാപ്പ് എന്ന മലയാള തർജ്ജമയോടെ ഉൾക്കൊണ്ട് ആശ്വസിക്കാൻ ശ്രമിച്ചു. അങ്ങനെ സാമാന്യം നടവരുമാനമുള്ള എവിടെയെങ്ങിലും തൊണ്ണൂറ്റിപത്തിനെ ഫുൾ ടൈം എൻഗേജ്ഡ് ആക്കാനുള്ള ശ്രമങ്ങൾ അച്ഛൻ നമ്പൂതിരി നടത്തി വരുമ്പോഴാണ് ടൌണിലെ അമ്പലത്തിലെ ഒഴിവു വന്നത്. തൊണ്ണൂറ്റിപത്തിനാണെങ്കിൽ ആകെ കൂടി പഠിച്ചതും പരീക്ഷക്ക് ചോദിച്ചതും ഒരേ ചോദ്യം എന്ന നിലക്കായി കാര്യങ്ങൾ. അത്താഴപൂജ കഴിഞ്ഞാൽ പുലരും വരെ ഗുലാൻപെരിശു കളിക്കാൻ ആത്മാർഥതയും വിദഗ്ധരുമായ ബസ് തൊഴിലാളികൾ. മഴയും മഞ്ഞും കൊള്ളാതെ കളിക്കാൻ നിരനിരയായിട്ടിരിക്കുന്ന പല റൂട്ടിലോടുന്ന ബസ്സുകൾ. നട തുറക്കാൻ വൈകിയാലും നേരത്തേ തന്നെ അടക്കാൻ പ്രത്യേകം ശ്രദ്ധിച്ച തു കൊണ്ട് തൊണ്ണൂറ്റിപ്പത്ത് ടൌൺ ബസ്സ്റ്റാ ന്റിലെ സ്റ്റാർ പ്ലയെർ ആവാൻ അധികം സമയം എടുത്തില്ല.

ഇപ്രകാരം തൊണ്ണൂറ്റിപ്പത്ത് സംതൃപ്ത ജീവിതം നയിച്ചു കൊണ്ടിരിക്കുന്ന വേളയിലാണ് പ്രതിപക്ഷത്തിന്റെ സ്ഥിരം കലാപരിപാടിയായ ഹർത്താൽ പ്രഖ്യാപിക്കപ്പെടുന്നത്. ഹർത്താൽ കൊണ്ടാടുന്ന ദിവസങ്ങളിൽ സ്റ്റാന്റിലെ ചീട്ടു കളി ടന്റി ഫോർ ഹവേർസ് ആണ്. നാസ്തികരായ പാർട്ടിക്കാർപോലും ദേവാലയങ്ങളെ ഹർത്താലിൽനിന്ന് ഒഴിവാക്കുന്നതിന്റെ സാംഗത്യം തൊണ്ണൂറ്റിപ്പത്ത് ചോദ്യം ചെയ്തത് തികച്ചും സ്വാഭാവികമാണല്ലോ.

'വൈരുദ്ധ്യാത്മികഭൌതികവാദത്തിൽ ഉപരിപ്ലവത്തിന്റെ അന്തർധാര ഉരുത്തിരിഞ്ഞു വരുന്നത് കൊണ്ടാണ്' എന്ന പാർട്ടി സെക്രടറിയുടെ വിശദീകരണം മറ്റെല്ലാവരെയും പോലെ തലകുലുക്കി സമ്മതിച്ച് അർദ്ധ മനസ്സോടെയാണ് തൊണ്ണൂറ്റിപ്പത്ത് അന്നത്തെ പൂജാദി കർമങ്ങൾ നിർവഹിച്ചത്. എന്നാലും പതിവായുള്ള ഉച്ചയുറക്കം ഉപേക്ഷിച്ചു തന്നാലാവുന്ന വിധത്തിലെല്ലാം ചീട്ടുകളി മഹാമഹത്തിൽ പങ്കുകൊള്ളുകയും ചെയ്തു.

അങ്ങനെ ഒരുപോള കണ്ണടക്കാതെയാണ് പിറ്റേന്ന് തൊണ്ണൂറ്റിപ്പത്ത് ഉഷ പൂജക്ക് നട അടച്ചത്. ശരാശരി ഒരു മിനിറ്റ് മാത്രം എടുക്കാറുള്ള അടച്ചു പൂജ അന്ന് പതിനഞ്ചു മിനിറ്റായിട്ടും കഴിയുന്ന ലക്ഷണമില്ല. സോപാനത്തിൽ ഇടക്ക കൊട്ടുന്ന മാരാർ ഷട്കാലഗോവിന്ദമാരാരെ കടത്തി വെട്ടുമോ എന്ന സംശയം വന്നപ്പോൾ സംഗീതം നിർത്തി. ഇങ്ങനെയുള്ള അവസരങ്ങിൽ അബ്രാഹ്മണർക്കും ശ്രീകോവിലിൽ പ്രവേശിക്കാം എന്ന് ദേവസ്വം മാനുവലിൽ ഉണ്ടായിരിക്കും എന്ന വിശ്വാസത്തോടെ അദ്ദേഹം നടവാതിൽ തള്ളി തുറന്നു. ഒരു കയ്യിൽ തീർത്ഥ ശംഖും മറു കയ്യിൽ പൂജാ പുഷ്പങ്ങളുമായി ബിംബത്തിൽ ചാരി ഉറങ്ങുന്ന തൊണ്ണൂറ്റിപ്പത്ത് തിരുമേനിയെ ഭക്തജനങ്ങൾ കൺ കുളിർക്കെ കണ്ടു. ആർത്തു ചിരിക്കുന്ന ജനകോലാഹലത്തിൽ ഞെട്ടിയുണർന്ന തൊണ്ണൂറ്റിപ്പത്ത് ചാടി എഴുന്നേറ്റ് ശംഖ് താഴേക്കു വലിച്ചെറിഞ്ഞു കൊണ്ട് അലറി "**ഇസ്പേഡ് ആസ് പെരിശ്**". വാ പൊളിച്ചു നിൽക്കുന്ന ജനത്തിന് മുമ്പിൽ ശംഖ് പൊട്ടിച്ചിതറുമ്പോൾ തൊണ്ണൂറ്റിപ്പത്ത് വിജയോൻമാദത്തോടെ പുറത്തേക്കു പാഞ്ഞു.

---

തീർത്ഥാടനം കഴിഞ്ഞ് മടങ്ങിയെത്തിയ വൈദികന്റെ കയ്യിലെ കുപ്പി പരിശോധിച്ച കസ്റ്റംസ് ഉദ്യോഗസ്ഥൻ: ഇത് എന്താണ്? വൈദികൻ: അത് ബത്‌ലഹേമിൽ നിന്ന് ലഭിച്ച പുണ്യ ജലമാണ്. ഉദ്യോഗസ്ഥൻ: കള്ളം പറയരുത്. ഇത് മുന്തിയ ഇനം വീഞ്ഞാണല്ലോ? വൈദികൻ: കർത്താവേ. അങ്ങ് വീണ്ടും അത്ഭുതം പ്രവർത്തിച്ചോ?

---

പരിശോധനയ്ക്കുശേഷം ഡോക്ടർ: നിങ്ങൾക്ക് ചിക്കൻ പോക്സാണ്. രോഗി: എനിക്ക് ചിക്കൻപോക്സ് വരാൻ സാദ്ധ്യതയില്ല. ഡോക്ടർ: ങേ..... അതെന്താ നേരത്തെ വന്നിട്ടുണ്ടോ? രോഗി: ഞാനൊരു വെജിറ്റേറിയനാണ് ഡോക്ടർ

WE DELIVER LEADERSHIP AND EXPERTISE TO GET YOU THE DECISION POINTS

NOAISYS
IMMIGRATION

CSIC | Canadian Society of Immigration Consultants
SCCI | Société canadienne de consultants en immigration

CMI • ICM
CANADIAN MIGRATION INSTITUTE | INSTITUT CANADIEN DE LA MIGRATION



Simon John Chelat
Certified Canadian Immigration Consultant
Immigration Laws Policies & Procedures (UBC)
Member CSIC, CMI

## Our Services

nternational Students
Dual Intent-Educational Programs in British Columbia
Student Visa

Federal Skilled Worker & Professionals
Canadian Experience Class
Provincial Nominees
Family Sponsorships
Business Investor, entrepreneurs & Self-employed

Work permits
Labour Market Opinions
Arranged Employment Opinions
Visitor Visas

Within Canada
(604) 720-5010; (604) 501-2017

Worldwide: (850) 200-0119
Fax: (604) 800-0518
www.noaisys.com
Email: simon@noaisys.com

Suite 35, 600 – 890 West Pender St.
Vancouver, BC V6C 1J9

Airport Executive Park
Suite 130, 10691 Shellbridge Way,
Richmond, BC V6X 2W9

## SUPERCITY CONSTRUCTION LTD.

licensed - bonded - insured

contact REJI PHILIP 604-767-9696, 604-726-7676

em@il: supercityconstruction@yahoo.ca

www.supercityconstruction.com

Branches in Kerala, India are -
Kottayam-Ph:(91) 48125 68670; Kochi - Ph:98956 55818
Trivandrum - Phone:95674 66868

alarm systems-security cameras-access control-24hr monitoring

## REPEL SECURITY

7007 Victoria Drive, Vancouver, British Columbia, V5P 3Y9

SAM JOHN - 778 863 8284

Tel. 604-322-6300 Fax. 604-322-6130

email. repelsecurity@telus.net : www.repelsecurity.com



**ANIE JEGI PHILIP** 604-726-7676

101-1220 W 6th Avenue, Vancouver, BC V6H 1A5

Tel. 604-684-6000 Fax. 604-433-1122

aniejegiphilip@realityagent.com
aniephilip@abfreality.com

# SIMON ABRAHAM

simon@simonabraham.com 604.773.1029 www.simonabraham.com




നിങ്ങൾക്ക് വീട്, ഇൻവ്വെസ്റ്റ്മന്റ് പ്രോപ്പർട്ടി എന്നിവ വാങ്ങാനോ വിൽക്കാനോ,
വസ്തുവിന്റെ മാർക്കറ്റ് ഇവാലുവേഷൻ നടത്താനോ ഉണ്ടെങ്കിൽ എന്നെ വിളിക്കുമല്ലോ?

**COMPLIMENTARY SERVICES:**

- ✓ Moving services for buyers and sellers
- ✓ Home staging resources if required
- ✓ Cleaning resources for presentation appeal if required
- ✓ Translators in Cantonese, Mandarin and Korean to promote the listings to a wider demographic group

**If You Are Thinking Of Buying Or Selling A Presale,Assignment, Resale of Condominium, Attached / Detached House Contact Me Today**

**OFFICES**

101-1965 West 4th Ave
Vancouver BC
V6J 1M8

T. 604.629.6100

849 Homer Street, Vancouver




**Languages Spoken**
Malayalam
English
Hindi
Punjabi
Mandarin

aphics T 604-322-5228